# കുട്ടികൾക്കായുള്ള ബൈബിൾ

അവതരണം



# രാജകുമാരൻ ആട്ടിടയനാകുന്നു

എഴുതിയത് : Edward Hughes
ഉദാഹരണം : M. Maillot; Lazarus
അംഗികരിച്ചത് : E. Frischbutter; Sarah S;
Alastair P.
തർജ്ജിമ ചെയ്യുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada
©2022 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

ഒരു ദിവസം ഒരു എബ്രായനെ
മിസ്രയീമ്യൻ അടിക്കുന്നത് മോശെ
കു. മോശെ ഒരു
രാജകുമാരനെപ്പോലെ
വളർത്തപ്പെടുകയും
പഠിപ്പിക്കപ്പെടുകയും
ചെയ്തെങ്കിലും അവനും
ഒരു എബ്രായനാണ്.
അടിമകളെ
താൻ



സഹായിക്കേിയിരിക്കുന്നു.

ചുറ്റും നോക്കിയിട്ട് ആരും കാണുന്നില്ലെന്ന് ഉറപ്പുവരുത്തിയശേഷം, അടിമകളുടെ ക്രൂരനായ ആ യജമാനനെ മോശെ ആക്രമിച്ചു. തമ്മിലുായ ആ അടിപിടിയിൽ ആ മിസ്രയീമ്യനെ മോശെ കൊന്നു.
പെട്ടെന്ന് അവൻ ആ ശവശരീരം മറവുചെയ്തു.



പിറ്റെ ദിവസം, ര് എബ്രായർ തമ്മിൽ വഴക്കുാക്കുന്നത് മോശെ ക
ു. അവരെ ശാന്തരാക്കുവാൻ മോശെ ശ്രമിച്ചു. അപ്പോൾ
അവരിൽ ഒരുത്തൻ ചോദിച്ചു, “ആ മിസ്രയീമ്യനെ
കൊന്നതുപോലെ നീ എന്നെയും കൊല്ലുമോ?” മോശെ
ഭയപ്പെട്ടു. ഇന്നലത്തെ സംഭവം എല്ലാവരും അറിഞ്ഞിരിക്കുന്നു.
ഫറവോനും അറിഞ്ഞു. മോശെയ്ക്ക് രക്ഷപെട്ടേ മതിയാകൂ.
അങ്ങനെ അവൻ മിഥ്യാൻ എന്ന രാജ്യത്തേക്ക് പോയി.



മോശെ ഒരു കിണറ്റിൻ കരയിൽ വിശ്രമിക്കുമ്പോൾ മിദ്യാനിലെ ഒരു പുരോഹിതന്റെ ഏഴ് പെൺമക്കൾ തങ്ങളുടെ ആടുകളെ കുടിപ്പിക്കുവാൻ വെള്ളം നിറയ്ക്കുന്നത് കു.



മറ്റു ചില ഇടയന്മാർ അവരെ പ്രയാസപ്പെടുത്തുന്നത് ക മോശെ ആ പെൺകുട്ടികളെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്തു.





“നിങ്ങൾ വളരെ നേരത്തെ എത്തിയല്ലോ.”
അവരുടെ പിതാവ് റെഹൂവേൽ
ആശ്ചര്യപ്പെട്ടു. എന്തുകൊാണ് അവർ
നേരത്തെ എത്തിയതെന്ന്
വിശദീകരിച്ചപ്പോൾ
അദ്ദേഹം പറഞ്ഞു,
“ആ മനുഷ്യനെ
വിളിച്ചുകൊാുവരിക.”
യിത്രോ
എന്നുവിളിക്കുന്ന
റെഹൂവേലിന്റെ കൂടെ
മോശെ പാർത്തു. പിന്നീട്
അദ്ദേഹത്തിന്റെ മൂത്ത
മകളെ മോശെ
വിവാഹം കഴിച്ചു.

ഈജിപ്റ്റിൽ ഫറവോൻ
മരിച്ചുകഴിഞ്ഞിരുന്നു.
ദൈവത്തിന്റെ ജനമായ
എബ്രായർ ഇപ്പോഴും
അടിമകൾ തന്നെയാണ്.



തങ്ങളുടെ
കഷ്ടപ്പാടിൽ അവർ
ഞെരുങ്ങുകയാണ്.
ദൈവത്തിന്റെ
സഹായത്തിനുവേി അവർ
എത്രമാത്രം പ്രാർത്ഥിച്ചുവെന്നോ!
ദൈവം അവരുടെ പ്രാർത്ഥന കേട്ടു.

അടിമകളായ എബ്രായരെ വിടുവിക്കാൻ ദൈവം മോശെയെ ഉപയോഗിക്കാൻ പദ്ധതി തയ്യാറാക്കിയിരുന്നത് മോശെ അറിഞ്ഞിരുന്നില്ല. മോശെ മിസ്രയീം വിട്ടിട്ട് ഇപ്പോൾ നാല്പത് വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. അവൻ ഇപ്പോൾ റെഹൂവേലിന്റെ ആടുകളെ മേയിക്കുകയാണ്. എന്നാൽ മിസ്രയീമിൽ



പാർക്കുന്ന സ്വന്ത ജനത്തെ താൻ ഓർക്കുന്നുായിരുന്നു.

ഒരുദിവസം അടുത്തുള്ള കുറച്ച്
മുൾപടർപ്പുകളിൽ തീ കത്തുന്നത് മോശെ
കു. എന്നാൽ തീ മുൾപടർപ്പുകളിൽ
കത്തുന്നില്ല. അതിനു കാരണം
എന്തെന്നു കുപിടിക്കുവാൻ
മോശെ തീരുമാനിച്ചു.



മോശെ അടുത്തുചെല്ലുമ്പോൾ, ആ മുൾപടർപ്പുകളിൽനിന്നു ദൈവം മോശെയെ വിളിച്ചു. “മോശേ!” മോശെ മറുപടി പറഞ്ഞു, “അടിയൻ ഇതാ,” അപ്പോൾ ദൈവം അരുളിച്ചെയ്തു.

“അടുത്തുവരരുത്, നീ നില്ക്കുന്ന സ്ഥലം വിശുദ്ധസ്ഥലമാകയാൽ നിന്റെ കാലിൽനിന്ന് ചെരുപ്പ് ഊരിമാറ്റുക”.



“എന്റെ ജനത്തെ മിശ്രയിമിൽ നിന്നു പുറത്തു കൊ
ുവരേതിന് ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ
അയക്കും” ദൈവം അരുളിച്ചെയ്തു. പക്ഷെ,
പോകുവാൻ മോശെ ഭയപ്പെട്ടു.



ദൈവം തന്റെ മഹാശക്തി മോശെയ്ക്ക് കാണിച്ചുകൊടുത്തു. മോശെയുടെ വടിയെ ദൈവം ഒരു സർപ്പമാക്കിത്തീർത്തു.



മോശെ ആ സർപ്പത്തെ വാലിന് പിടിച്ച് പൊക്കിയപ്പോൾ അത് വീണ്ടും തന്റെ വടിയായിത്തീർന്നു. ദൈവം മറ്റൊരു അടയാളവും കാണിച്ചു.



“നിന്റെ കൈ മാറിടത്തിൽ വയ്ക്കുക” ദൈവം കല്പിച്ചു. മോശെ അങ്ങനെ ചെയ്തു. അവന്റെ കൈ കുഷ്ടരോഗികളുടേതുപോലെ വെള്ളയായിത്തീർന്നു.



അവൻ വീണ്ടും അങ്ങനെ ചെയ്തപ്പോൾ സൗഖ്യമായി.



എന്നിട്ടും അവൻ എതിർത്തു. “ഞാൻ ശരിയായി സംസാരിക്കുവാൻ കഴിയാത്തവനാണ്” മോശെ ദൈവത്തോട് പറഞ്ഞു. “നീ പറയുന്ന വാക്കുകൾ സംസാരിക്കുവാൻ ഞാൻ നിന്റെ സഹോദരൻ അഹരോനെ ഉപയോഗിക്കും” എന്നു ദൈവം ഉത്തരം പറഞ്ഞു.



മോശെ യിത്രോവിന്റെ അടുക്കൽ
മടങ്ങിവന്നിട്ട് തന്റെ സാമാനങ്ങളൊക്കെ
കെട്ടിപ്പെറുക്കി മിസ്രയിമിലേക്ക് പോയി.



പർവതത്തിൽ മോശെയുമായി കൂടിക്കാഴ്ച ഉാകേതിന് ദൈവം അഹരോനെ നയിച്ചു. മിസ്രയീമിൽനിന്ന് എബ്രായ ജനതയെ വിടുവിക്കുവാൻ ദൈവം തയ്യാറാക്കിയിരിക്കുന്ന പദ്ധതികളെക്കുറിച്ച് മോശെ അഹരോനോട് പറഞ്ഞു. അവർ ഒരുമിച്ച് ആ വാർത്തയുമായി എബ്രായ നേതാക്കന്മാരുടെ അടുത്തേക്കുപോയി. മോശെ അടയാളങ്ങൾ കാണിച്ചുകൊടുത്തപ്പോൾ, ദൈവം തങ്ങളെ സഹായിക്കുന്നുവെന്ന് എബ്രായ മൂപ്പന്മാർ വിശ്വസിച്ചു. അവർ എല്ലാവരും ഒരുമിച്ച് ദൈവത്തെ വണങ്ങി ആരാധിച്ചു.



മോശെയും അഹരോനും ധൈര്യത്തോടെ ഫറവോന്റെ അടുക്കൽ പോയി. “ദൈവം പറയുന്നു. എന്റെ ജനത്തെ പോകുവാൻ അനുവദിക്കുക” അവർ പറഞ്ഞു.



ഫറവോൻ മറുപടി പറഞ്ഞു: “യിസ്രായേൽ പോകുവാൻ ഞാൻ അനുവദിക്കുകയില്ല.” അവൻ ദൈവത്തെ അനുസരിക്കുകയില്ല. ഫറവോന്റെ മനസ്സിൽ മാറ്റം വരുത്തുവാൻ ദൈവം തന്റെ മഹാശക്തി വെളിപ്പെടുത്തേിയിരിക്കുന്നു.



രാജകുമാരൻ ആട്ടിടയനാകുന്നു

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

പുറപ്പാട് 2–5

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

അദ്ഭുതവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട് തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന് ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക് വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ. ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ, ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും ചെയുക.
യോഹന്നാൻ 3:16